**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെയർമെൻസ് ചേംബറിന്റെ ദ്വിദിന ശില്പശാല – നഗരസഭകളിൽ നിന്ന് സംഭാവന യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3321/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 5/12/2016

പരാമർശം:- 1. ചേംബർ ഓഫ് മുൻസിപ്പൽ ചെയർമെൻ സെക്രട്ടറിയുടെ 16/06/2016 ലെ കത്ത്.
2..സ.ഉ.(സാധാ)58/06/തസ്വഭവ തീയതി 16/02/2006.

## ഉത്തരവ്

ചെയർമെൻസ് ചേംബറിന്റെ ഭരണപരമായ കാര്യങ്ങളെക്കുറിച്ചും ഒപ്പം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭാ ചെയർമാൻമാർക്ക് നഗരസഭകളുടെ പ്രത്യേക പ്രശ്നങ്ങളെക്കുറിച്ച് നൈപുണ്യം ഉണ്ടാക്കുന്നതിനു വേണ്ടിയും ഒരു ദ്വിദിന ശിൽപശാല സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി നഗരസഭകളിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശകത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചെയർമെൻസ് ചേംബറിന്റെ ദ്വിദിന ശിൽപശാലയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് മേജർ മുനിസിപ്പാലിറ്റികളിൽ നിന്ന് (ഒന്നാം ഗ്രേഡ്) 10000/- (പതിനായിരം) രൂപയും മൈനർ മുനിസിപ്പാലിറ്റികളിൽ നിന്ന് (രണ്ട് മൂന്ന് ഗ്രേഡുകൾക്ക്) 5000/- (അയ്യായിരം) രൂപയും ചേംബറിന്റെ ഫണ്ടിലേക്ക് സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിനും പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന നഗരസഭകൾക്ക് ദ്വിദിന ശിൽപശാല ജനറൽ കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർപേഴ്സൺ / സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
✓എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ